**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1666** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ റീസർവ്വേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡിജിറ്റൽ റീസർവ്വേ നടപടികൾ എന്നാണ് ആരംഭിച്ചത് എന്നും എപ്പോൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ; | (എ) | “എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്” എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് ഡിജിറ്റൽ സർവെ പദ്ധതി ഔദ്യോഗികമായി തുടക്കം കുറിച്ചത് 2022 നവംബർ 1നാണ്.എന്നാൽ സർവ്വേ ഉപകരണങ്ങൾ ലഭ്യമാക്കി ഡിജിറ്റൽ സർവെ ആരംഭിക്കാൻ കഴിഞ്ഞത് 2023 സെപ്റ്റംബറിൽ മാത്രമാണ് .<br><br>സംസ്ഥാനത്തെ 1550വില്ലേജുകളിലെ ഡിജിറ്റൽ സർവെ നാല് വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | പ്രസ്തുത ഡിജിറ്റൽ റീസർവ്വേ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | നിലവിൽ ഡിജിറ്റൽ സർവെ പദ്ധതിയുടെ മൂന്നാം ഘട്ടമാണ് നടന്നുവരുന്നത്. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 200 വില്ലേജുകളും, രണ്ടാം ഘട്ട 239 വില്ലേജുകളിൽ 123 ഉം, മൂന്നാം ഘട്ടം 200വില്ലേജുകളിൽ 14 ഉം വില്ലേജുകൾ ഉൾപ്പെടെ 337 വില്ലേജുകളിൽ സർവെ ബൗണ്ടറീസ് ആക്ട് ആന്റ് റൂൾ പ്രകാരം സെക്ഷൻ 9(2) പ്രസിദ്ധീകരിച്ച് തുടർ നടപടികൾ പുരോഗതിയിലാണ്.<br><br>നിലവിൽ കാസർഗോഡ് ജില്ലയിലെ ഉജ്ജാർ ഉൾവാർ, കൊല്ലം ജില്ലയിലെ മങ്ങാട്,പത്തനംതിട്ട ജില്ലയിലെ പെരുമ്പട്ടി എന്നീ 3 വില്ലേജുകളിൽ സർവെ അതിരടയാള നിയമം പ്രകാരമുള്ള സെക്ഷൻ 13 പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ മൂന്നു ഘട്ടങ്ങളിലായി 8,15,890 ഹെക്ടർ ഭൂമി യിലും , 59,75,863 ലാന്റ് പാഴ്സലുകളിലും സർവെ നടപടികൾ പൂർത്തീകരിച്ചു. |
| (സി) | സംസ്ഥാനത്ത് നടന്നുവരുന്ന ഡിജിറ്റൽ റീസർവ്വേ കുറ്റമറ്റ രീതിയിൽ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം സാങ്കേതിക സംവിധാനങ്ങളാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | ലോകത്തിലെ തന്നെ നിലവിൽ ലഭ്യമായിട്ടുള്ളതിൽ ഏറ്റവും നൂതനമായ സാങ്കേതിക വിദ്യകളും, അത്യാധുനികമായ സർവെ ഉപകരണങ്ങളായ Real Time Kinematic Rover(RTK-Rover), Robotic Total Station (RETS), Tablet PC എന്നിവ |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ച് ഭൂമിയിലെ ഓരോ അതിർത്തികളും വളരെ കൃത്യതയോടെയാണ് ഡിജിറ്റൽ സർവെ പദ്ധതിയിൽ നിർണ്ണയിക്കുന്നത്. സർവെ പ്രവർത്തനങ്ങളുടെ കൃത്യതയ്ക്കായി സംസ്ഥാനത്ത് 28 COR സ്റ്റേഷനുകളും ഇതിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി ഒരു കൺട്രോൾ സെന്ററും സ്ഥാപിച്ചിട്ടുണ്ട്.<br><br>കൂടാതെ സർവെ പ്രവർത്തനങ്ങൾക്കായി "എന്റെ ഭൂമി" എന്ന പേരിൽ സമഗ്രമായ ഒരു പോർട്ടലും സജ്ജീകരിച്ചിട്ടുണ്ട്. സർവെ പൂർത്തിയാകുന്ന മുറയ്ക്ക് സർവെ സംബന്ധിച്ച വിവരം പോർട്ടൽ മുഖേന ഭൂവുടമസ്ഥർക്ക് ലഭ്യമാകുന്നതും, റിക്കാർഡുകൾ പരിശോധിച്ച് ആക്ഷേപം ഉണ്ടെങ്കിൽ ആയത് പോർട്ടൽ മുഖേന ഉന്നയിക്കുന്നതിനും സാധിക്കുന്നതാണ്. |
| (ഡി) | സർവ്വേ സംബന്ധിച്ചുള്ള പരാതികൾ പൂർണ്ണമായും പരിഹരിക്കുന്നതിന് ഡിജിറ്റൽ റീസർവ്വേ സഹായകമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ഡിജിറ്റൽ സർവെ പദ്ധതിയുടെ ആദ്യഘട്ടം മുതൽ എല്ലാ നടപടികളും ഏറ്റവും സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെ പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായും, പൊതു ജന പങ്കാളിത്തം ഉറപ്പാക്കിയുമാണ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് . ഇപ്രകാരം സർവെ നടത്തുന്ന അവസരത്തിൽ തന്നെ ഭൂവുടമയെ സർവെ റെക്കോർഡുകൾ കാണിച്ച ബോധ്യപ്പെടുത്തുകയും, സർവെ പൂർത്തിയാകുന്ന മുറയ്ക്ക് സർവെ സംബന്ധിച്ച വിവരം പോർട്ടൽ മുഖേന ഭൂവുടമസ്ഥർക്ക് ലഭ്യമാകുന്നതുമാണ്. കൂടാതെ, വിപുലമായ പ്രചാരണം നൽകി പ്രീ 9(2) ക്യാമ്പുകൾ സംഘടിപ്പിച്ച് റിക്കാർഡുകൾ എല്ലാ ഭൂവുടമസ്ഥരെ കൊണ്ടും പരിശോധിപ്പിക്കുന്നതിനുള്ള നടപടികളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. ടി നടപടികളിലൂടെ ഡിജിറ്റൽ സർവെയിൽ ഭൂപരാതികൾ ഗണ്യമായി കുറയ്ക്കാൻ സഹായകമായിട്ടുണ്ട്. ഡിജിറ്റൽ സർവെ പൂർത്തിയാക്കി റിക്കാർഡുകൾ അന്തിമമാക്കി കഴിയുമ്പോൾ സർവെ സംബന്ധിച്ച പരാതികൾ പൂർണ്ണമായും പരിഹരിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഇ) | സംസ്ഥാനത്ത് ഡിജിറ്റൽ റീസർവ്വേ പൂർത്തീകരിക്കുന്നതോടെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിജിറ്റൽ വേലി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഇ) | ഡിജിറ്റൽ സർവെയിൽ ഭൂമിയുടെ വിവരങ്ങൾ കൃത്യമായ ജിയോ കോർഡിനേറ്റുകളെ അടിസ്ഥാനമാക്കിയാണ് ലഭിക്കുന്നത്. ഓരോ വസ്തുവിന്റെയും എല്ലാ ബെന്റുകളുടെയും കോർഡിനേറ്റുകൾ ലഭ്യമാകുന്നതിനാൽ യഥാർത്ഥത്തിൽ ഓരോ കൈവശക്കാരന്റെയും അതിർത്തി, സ്കെച്ചിൽ ഒരു ഡിജിറ്റൽ വേലി പോലെ നിലനിൽക്കും. അത് എപ്പോൾ വേണമെങ്കിലും RTK (Real Time Kinematic)/RETS (Robotic Total |

| | | | |
|---|---|---|---|
| | | | Station) ഉപയോഗിച്ച് കണ്ടെത്താം. ആയതിനാൽ കല്ല് സ്ഥാപിക്കുന്നില്ലെങ്കിലും അതിർത്തി തർക്കങ്ങൾക്ക് ഇടയാവുന്നില്ല. പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായാണ് ഡിജിറ്റൽ സർവെ നടക്കുന്നത്. നാഷണൽ ഇൻഫർമാറ്റിക് സെന്റർ (NIC) മുഖേന തയ്യാറാക്കിയ ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ILIMS) എന്ന "എന്റെ ഭൂമി" പോർട്ടലിലൂടെ ഡിജിറ്റൽ സർവെ സംബന്ധിച്ച എല്ലാ വിവരങ്ങളും ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ